## 1084

*രീതി: ശാലോമിയേ വരികെന്റെ*

1 പാടുവിൻ സോദരരേ! ജയഗീതങ്ങൾ
ഊതിടുവിൻ വെള്ളിക്കാഹളങ്ങൾ
വീഴട്ടെ വൈരികൾ താഴട്ടവർ ഭുജം
വാഴട്ടെ യൂദയിൻ ബാലസിംഹം മുദാ

2 യൂദാഗോത്രത്തിലെ വീരനാം കേസരി
മുമ്പിൽ നടക്കുന്നു ചന്തമോടെ
ദൈവമവരുടെ മദ്ധ്യേ കൂടാരത്തിൽ
ആത്മാവു മീതെ കൊടുക്കുന്നിതു തണൽ-

3 മേഘം കൊടുക്കുന്ന സ്വർഗ്ഗീയദീപ്തിയാൽ ര
ശോഭിതരാമിവരന്ധതയിൽ
സീയോൻപുരിയതിലെത്തുവാൻ സാദരം
ദീപമിതു വചസ്സത്രേ മഹാത്ഭുതം-

4 ഗംഭീരനാദം മുഴക്കിടുവിനതിഗാംഭീര്യമോടെ നടന്നിടുവിൻ
സംഭ്രമിക്കേണ്ടരിസംഘം വിറച്ചിടും
വിഭ്രമം പൂണ്ടവർ താഴ്ത്തും തലകളെ- **C.T.M.**